LIBRARY ARCHIVES Kerala Legislative Assembly

വിജിലൻസ് കേസുകൾ

218 (1923) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ വിജിലൻസിന് വിട്ട കേസ്സുകൾ, പിൻവലിച്ച വിജിലൻസ് കേസ്സുകൾ, ടോൾ ഫ്രീ നമ്പർ വഴി വിജിലൻസിന് ലഭിച്ച പരാതികൾ, ഇതിൽ പ്രാഥമികാന്വേഷണത്തിനുശേഷം തുടരന്വേഷണത്തിന് ഉത്തരവിട്ട കേസ്സുകൾ എന്നിവ ഓരോന്നും എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഏകദേശം 700 കേസുകൾ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 11 വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിനായി നിരാക്ഷേപപത്രം നൽകിയിട്ടുണ്ടെങ്കിലും അതിൽ 4 കേസുകൾ മാത്രമേ കോടതി പിൻവലിച്ചതായി ഉത്തരവ് ലഭിച്ചിട്ടുള്ളൂ. 18-12-2012 മുതൽ 15-6-2015 വരെ ടോൾഫ്രീ നമ്പർ വഴി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് 9060 പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രാഥമിക അന്വേഷണം നടത്തി, അതിൽ 6819 പരാതികൾ കഴമ്പില്ലെന്ന് കണ്ട് തീർപ്പാക്കുകയും 352 പരാതികളിൽ തുടരന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

വൈസ് ചാൻസലർക്കും പി.വി.സി.-ക്കുമെതിരെ കേസ്

219 (1924) ശ്രീ. ജി. സുധാകരൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തക്കാർക്കുവേണ്ടി അനധികൃതമായി പരീക്ഷ നടത്തിയതിന് ഏതെങ്കിലും സർവ്വകലാശാലയിലെ വൈസ്ചാൻസലർക്കും പി.വി.സി.-ക്കുമെതിരെ കേസ് എടുത്തിട്ടുണ്ടോ ;

(ബി) കുറിക് വെരിഫിക്കേഷനുശേഷം ആരെയെല്ലാം പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) പ്രതികളുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ എന്തെല്ലാമാണ് ;

(ഡി) പ്രതികളായ വൈസ് ചാൻസലറും പി.വി.സി.-യും ഇപ്പോഴും തൽസ്ഥാനങ്ങളിൽ തുടരുന്നുണ്ടോ ?